പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1519 — 13-06-2014 ൽ മറുപടിക്ക്

## അഗ്രോ ക്ലിനിക്കുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര അഗ്രോ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ആയതുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാർ ഏതെല്ലാം തസ്തികയിൽ ജോലിചെയ്യുന്നായെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് ആകെ 250 ഫാം ഫീൽഡ് സ്കൂളുകളും 35 അഗ്രോ സർവ്വീസ് സെന്ററുകളും അഗ്രോ ക്ലിനിക്കുകളായി പ്രവർത്തിക്കുന്നു. കൂടാതെ 75 മൊബൈൽ അഗ്രോ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഡ്രൈവർ കം സർവ്വീസ് അറ്റൻഡന്റ് എന്ന തസ്തികയിൽ 75 പേർ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. |
| (ബി) അഗ്രോ ക്ലിനിക്കുകളുടെ പ്രവർത്തനം സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ലീഡ്സ് പദ്ധതി പ്രകാരം കൊല്ലം, പാലക്കാട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ അഗ്രോ ക്ലിനിക്കുകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.<br><br>35 അഗ്രോ സർവ്വീസ് സെന്ററുകൾ തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ പ്രവർത്തിച്ചു വരുന്നു. ഇവയും അഗ്രോ ക്ലിനിക്കുകളായി പ്രവർത്തിക്കുന്നു.<br><br>അഗ്രോ സർവ്വീസ് സെന്റർ, ആത്മ എന്നിവയുമായി ക്ലിനിക്കുകളുടെ പ്രവർത്തനം ബന്ധിപ്പിക്കുക, കീടരോഗബാധ നിരീക്ഷിക്കുന്നതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുക. വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം 60 ബ്ലോക്കുകളിലായി 60 കൃഷി ഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ |

| | |
|---|---|
| | സജ്ജമാക്കുക, ജില്ലാതലത്തിൽ പാലക്കാട്, മലപ്പുറം, കൊല്ലം, കണ്ണൂർ എന്നി ജില്ലകളിൽ ജില്ലാ റഫറൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിപ്പിക്കുക എന്നിവയും ലക്ഷ്യമിട്ടിട്ടുണ്ട്. കുട്ടനാട്ടിലെ പ്രത്യേക പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിനായി കുട്ടനാടൻ മേഖലയിൽ 11 ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) താലൂക്ക് അടിസ്ഥാനത്തിൽ അഗ്രോ ക്ലിനിക്കുകളുടെ ഹബ്ബുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ? | (സി) താലൂക്ക് അടിസ്ഥാനത്തിൽ ഹബ്ബുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ല. ബ്ലോക്ക തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ മേൽനോട്ടം വഹിക്കുന്നുണ്ട്. |
| (ഡി) നിലവിലുള്ള അഗ്രോ ക്ലിനിക്കുകളുടെ സേവന പ്രവർത്തനം സംബന്ധിച്ച വിശദാംശം അറിയിക്കുമോ? | (ഡി) അഗ്രോ ക്ലിനിക്കുകൾ മുഖേന താഴെപ്പറയുന്ന സേവനങ്ങൾ കർഷകർക്ക് നൽകിവരുന്നു.<br>1. പ്രാദേശിക കൃഷി വിളകൾക്ക് ഉണ്ടാകുന്ന രോഗ കീടബാധ തിരിച്ചറിഞ്ഞ് യുക്തമായ പ്രതിവിധി നിർദ്ദേശിക്കുന്നു.<br>2. മണ്ണ് പരിശോധന നടത്തി മണ്ണിലെ പോഷകക്കുറവ് മനസ്സിലാക്കി അതനുസരിച്ചുള്ള വളപ്രയോഗ മാർഗ്ഗങ്ങൾ കർഷകർക്ക് സമയാസമയങ്ങളിൽ നൽകുന്നു.<br>3. കൃഷിയിലെ നവീന കൃഷിമുറകൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കർഷകരിൽ എത്തിക്കുന്നു.<br>4. കർഷക ക്ഷേമവുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെ പരിപാടികൾ അഗ്രോ ക്ലിനിക്ക് മുഖേന ചെയ്യുന്നു.<br>5. പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന കീടരോഗ നിയന്ത്രണത്തിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ കർഷകർക്ക് പ്രിന്റ് ചെയ്ത് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ